1/12/21
17/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 486(6)/2021 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4678/*എസ്.ഐ.സി-ജി 5/2021*)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ജോസ്.എൽ,**
**ജോസ് ഭവൻ,**
**സീയോൻകുന്ന്,**
**വെമ്പായം പി.ഒ.,**
**തിരുവനന്തപുരം – 695 615.** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **ജില്ലാ ഓഫീസർ,**
   **കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,**
   **ജില്ലാ ഓഫീസ്, കോഴിക്കോട്.**

2. **അപ്പീൽ അധികാരി &**
   **ജോയിന്റ് സെക്രട്ടറി, അഡ്വൈസ് ലിറ്റിഗേഷൻ,**
   **കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ,**
   **പട്ടം, തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25/08/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 29/09/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/12/2020, 04/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 31/03/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/04/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/05/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 02/07/2021 |
| ഓഡിയോ ഹിയറിംഗ് തീയതി | 08/11/2021 |
| ഹിയറിംഗിലെ സാന്നിധ്യം :<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

RIGHT TO INFORMATION

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജോസ്.എൽ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ഒന്നാം എതിർകക്ഷി നൽകിയ 1 ബി, 2 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ ആക്ഷേപമുന്നയിച്ചുകൊണ്ടാണ് ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചതെന്നും എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടി അംഗീകരിച്ചുകൊണ്ടാണ് രണ്ടാം എതിർകക്ഷി അപ്പീൽ തീർപ്പാക്കിയതെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 25.08.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) നൈറ്റ് വാച്ചർ ഒഴിവ് റിപ്പോർട്ട് ചെയ്ത ആമുഖ കത്തിന്റേയും അർത്ഥനാപത്രത്തിന്റേയും വ്യക്തമായ ഒരു പകർപ്പും, ടി ഒഴിവുമായി ബന്ധപ്പെട്ട താഴെ പറയുന്നചില വിവരങ്ങളുമാണ്.

എ) പ്രസ്തുത ഒഴിവ് ജില്ലാതല ഒഴിവോ, അതോ സംസ്ഥാനതല ഒഴിവോ. ആണോ എന്നും

ബി) ടി ഓഫീസ് (ജില്ലാ ലേബർ ഓഫീസ്, അസിസ്റ്റന്റ് ലേബർ ഓഫീസ്, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ) ഇവയിലേതിലാണ് വന്നതെന്നും

സി) ടി ഒഴിവ് റിപ്പോർട്ട് ചെയ്തത് സംസ്ഥാന തൊഴിൽ നൈപുണ്യ വകുപ്പോ, ലേബർ കമ്മീഷണർ ഓഫീസോ എന്നും

2) ആഫീസുകൾ സർക്കാർ ജോലികൾ, ഫയലുകൾ മുതലായവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ, കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസിലെ ജില്ലാ ഓഫീസർ മുതൽ ഫുൾ ടൈം സ്വീപ്പർ വരെ ഒപ്പിടുന്ന ഹാജർ പുസ്തകത്തിന്റെ 01.01.2006 മുതൽ 31.12.2006 വരെ കാലയളവിലെ 12 മാസത്തെ പകർപ്പും അതിന് ആവശ്യമായ രൂപ എത്രയെന്നുമാണ്.

3. ഹർജിക്കാരന്റെ 25.08.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 29.09.2020 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ രണ്ടാം എതിർകക്ഷി മുമ്പാകെ 25.10.2020 ൽ

അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 10.12.2020, 04.01.2021 തീയതികളിൽ മറുപടി നൽകിയിട്ടുള്ളതുമാണ്..

4. രണ്ടാം എതിർകക്ഷി 28.06.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 29.09.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ആയതിൽ ചോദ്യം 1, 1ബി, 2 എന്നീ ചോദ്യങ്ങൾക്കുള്ള മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തിയാണ് ടിയാൻ 02.11.2021 ൽ അപ്പീൽ സമർപ്പിച്ചതെന്നും അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിലേക്കായി വിവരങ്ങൾ ശേഖരിക്കുന്നതിന് കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസിലെ എസ്.പി.ഐ.ഒ യ്ക്ക് കത്ത് അയച്ചു നൽകി ടി വിവരങ്ങൾ കാണിച്ച് 10.12.2020 ൽ ഹർജിക്കാരന് ഒരു ഇടക്കാല മറുപടി നൽകിയെന്നും, കോഴിക്കോട് ജില്ലാ പി.എസ്.സി ഓഫീസിലെ എസ്.പി.ഐ.ഒ യിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 04.01.2021 ൽ ഹർജിക്കാരന് മറുപടി നൽകിയെന്നും ടി മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത് ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ 29.09.2020 ലെ മറുപടി വസ്തുനിഷ്ഠവും നിയമപരവുമായി കാണുന്നുവെന്നും ടി മറുപടി പ്രകാരം ലഭ്യമാക്കിയ വിവരങ്ങളുടെ വ്യക്തതയ്ക്കായും വിവര ശേഖരണത്തിനായും കോഴിക്കോട് ജില്ലാ പി.എസ്.സി. ഓഫീസിൽ നിന്നും മുൻകൂറായി അനുമതി തേടി നേരിട്ട് ഹാജരായി വിവരങ്ങൾ ശേഖരിക്കുന്നതിന് ഹർജിക്കാരന് ഒരു അവസരം കൂടി നൽകികൊണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾക്ക് വ്യക്തമായതും വായിക്കാൻ കഴിയുന്നതുമായ പകർപ്പുകൾ ടിയാന് ലഭ്യമാക്കണം എന്നുള്ളതാണ്. 08.11.2021 ൽ കമ്മീഷൻ നടത്തിയ ഓഡിയോ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. വ്യക്തമായ മറുപടി ലഭ്യമാക്കണം എന്നതു തന്നെയാണ് ഹർജിക്കാരന്റെ മൊഴിയിലും പറയുന്നത്. ആയതിനാൽ ലേബർ ഓഫീസിൽ നിന്നും 04.02.2019 തീയതി ഹർജിക്കാരന് നൽകിയ 34 പേജ് രേഖകളിൽ ആമുഖ കത്ത്, അർത്ഥനാപത്രം എന്നീ രേഖകളുടെ വ്യക്തമായ പകർപ്പ് ഈ ഉത്തരവ് ലഭിച്ച് 10 ദിവസങ്ങൾക്കകം ഹർജിക്കാരന് അയച്ചു നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 17–ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION